# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :07/12/ 2019

## കണ്ടൽ വന വത്കരണം

കൊല്ലം : നീണ്ടകര കോസ്റ്റൽ പോലീസിന്റേയും കൊല്ലം സിറ്റി പോലീസ് ഓഫീസേഴ്സ് അസ്സോസ്സിയേഷന്റേയും സംയുക്ത ആഭിമുഖ്യത്തിൽ നടന്നുവരുന്ന **"ശുചിത്വ തീരം സുരക്ഷിത തീരം"** പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായുള്ള കണ്ടൽ വന വത്കരണം ആറാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായി.

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ കണ്ടലഴക് എന്ന പദ്ധതിയുമായി സഹകരിച്ചാണ് ആറാംഘട്ട പ്രവർത്തനങ്ങൾ നടന്നത്. മുക്കാട് ഫാത്തിമ ഐലന്റിൽ അഷ്ടമുടി കായലിന്റെ തീരത്ത് അഞ്ഞൂറോളം കണ്ടൽ തൈകൾ മുളക്കുറ്റിയുടെ സംരക്ഷണ കവചമൊരുക്കി നട്ടു. സോഷ്യൽ ഫോറസ്റ്ററി കൊല്ലം, മണ്ണ് സംരക്ഷണ വകുപ്പ്, മുക്കാട് ഹരിത ക്ലബ്ബ്, ഹായ് ക്ലബ്ബ്, മത്സ്യതൊഴിലാളികൾ എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടികൾ നടന്നത്.



**"കണ്ടൽ തൈ നടീലിന്റെ"** ഉദ്ഘടനം നിർവ്വഹിക്കുന്ന കൊല്ലം എ.സി.പി ശ്രീ. എ. പ്രതീപ് കുമാർ

കണ്ടൽ വന വത്കരണത്തിന്റെ ഭാഗമായി രാവിലെ 07.00 മണിക്ക് ആരംഭിച്ച തൈ നടീൽ 09.00 മണിയോടെ സമാപിച്ചു. തുടർന്ന് മുക്കോട് ഹോളി ഫാമിലി ചർച്ച് പാരിഷ് ഹാളിൽ നടന്ന സമ്മേളനം ബഹു. കൊല്ലം എ.സി.പി ശ്രീ. എ. പ്രതീപ് കുമാർ ഉദ്ഘാടനം ചെയ്തു. കോസ്റ്റൽ എസ്.എച്ച്.ഒ ശ്രീ. വൈ. മുഹമ്മദ് ഷാഫി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.പി.ഒ.എ സെക്രട്ടറി ശ്രീ. എം.സി പ്രശാന്തൻ സ്വാഗതവും, ശുചിത്വ തീരം സുരക്ഷിത തീരം പദ്ധതിയുടെ കൺവീനർ ശ്രീ. ഡി. ശ്രീകുമാർ കൃതജ്ഞതയും പറഞ്ഞു. സോഷ്യൽ ഫോറസ്റ്ററി എ.സി.എഫ് ശ്രീ.എസ്സ് ഹരിലാൽ മുഖ്യ സാന്നിദ്ധ്യമായി, പരിസ്ഥിതി പ്രവർത്തകനായ ശ്രീ. വി.കെ മധുസൂധനൻ മുഖ്യ പ്രഭാഷണം നടത്തി. മണ്ണ് സംരക്ഷണ വകുപ്പ് ഓഫീസർ ശ്രീ. വി. സുധികുമാർ, കോസ്റ്റൽ എസ്.ഐ ശ്രീ. ഭുവന ദാസ്, ഉൾനാടൻ മത്സ്യതൊഴിലാളി സംഘം പ്രസിഡന്റ് ഫ്രാൻസിസ്, ശുചിത്വതീരം പദ്ധതി ജോയിന്റ് കൗൺസിലർ ശ്രീ. എസ്. അശോകൻ കോസ്റ്റൽ എ.എസ്.ഐ ശ്രീ. സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു.